# ലാലുയാദവ് ജമാഅത്ത് മർകസിൽ

**മുൻ** കേന്ദ്ര റെയിൽവെ മന്ത്രിയും രാഷ്ട്രീയ ജനതാദൾ അധ്യക്ഷനുമായ ലാലുപ്രസാദ് യാദവ് ദൽഹിയിലെ ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര ഓഫീസ് സന്ദർശിച്ചു. ബീഹാർ ന്യൂനപക്ഷ കമീഷന്റെ മുൻ ചെയർമാൻ സുഹൈൽ അഹ്മദ് ഖാനും മുൻകേന്ദ്രമന്ത്രി ജയപ്രകാശ് യാദവും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

ജ.ഇ ദേശീയ നേതാക്കൾക്കു പുറമെ ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്, അഹ്‌ലെ ഹദീസ്, മില്ലികൗൺസിൽ, മുസ്‌ലിം മജ്‌ലിസെ മുശാവറ, ദാറുൽ ഉലൂം ദയൂബന്ദ് തുടങ്ങിയ സ്ഥാപന-സംഘടനകളുടെ പ്രതിനിധികളും ജമാഅത്ത് മർകസിൽ എത്തിച്ചേർന്നിരുന്നു.

ലിബർഹാൻ കമീഷൻ റിപ്പോർട്ട് പാർലമെന്റിൽ അവതരിപ്പിക്കുക, രംഗനാഥമിശ്ര കമീഷൻ റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പാക്കുക, ബട്‌ല ഹൗസ് ഏറ്റുമുട്ടലിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുക, വനിതാ സംവരണ ബില്ലിൽ ന്യൂനപക്ഷ-പിന്നാക്ക വനിതകൾക്ക് പ്രത്യേക സംവരണം നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിക്കേണ്ടതുണ്ടെന്ന് മുസ്‌ലിം പ്രതിനിധികളുമായി നടന്ന ചർച്ചയിൽ അദ്ദേഹം പറഞ്ഞു.

### പൗരാവകാശങ്ങളെക്കുറിച്ച് എ.പി.സി.ആറിന്റെ മാന്വൽ

പൗരാവകാശങ്ങളെക്കുറിച്ച് അറിവില്ലാത്ത സാധാരണക്കാരെ പോലീസും ഭരണകൂടവും പീഡിപ്പിക്കുന്നത് ഇന്ത്യയിൽ ഏറി വരികയാണ്. 'വാർ ഓൺ ടെററി'ന്റെ ഭാഗമായി മുസ്‌ലിംകളാണ് ഏറിയപങ്കും ഇതിനിരകളാവുന്നത്. ജനങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അവരെ ബോധവൽക്കരിച്ചുകൊണ്ടേ ഇതിന് തടയിടാനാവൂ എന്ന് തിരിച്ചറിഞ്ഞ് എ.പി.സി.ആർ (Association for the Protection of Civil Rights) ഒരു പൗരാവകാശ മാർഗരേഖ പ്രസിദ്ധീകരിച്ചിരിക്കുന്നു. Human and Civil Rights Defenders' Resource Manual എന്ന 122 പേജുള്ള ഈ ഇംഗ്ലീഷ് പുസ്തകത്തിന് 5 ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗത്ത് ഭരണഘടന, മൗലികാവകാശങ്ങൾ, ഇന്ത്യൻ നീതിന്യായ വ്യവസ്ഥ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. ക്രിമിനൽ നിയമങ്ങളും നടപടിക്രമങ്ങളുമാണ് രണ്ടാം ഭാഗത്ത്. മൂന്നാം ഭാഗത്ത് വിവരാവകാശ നിയമവും നാലാം ഭാഗത്ത് ദേശീയ മനുഷ്യാവകാശ കമീഷൻ, ദേശീയ-സംസ്ഥാന ന്യൂനപക്ഷ കമീഷനുകൾ, ദേശീയ വനിതാ കമീഷൻ, ദേശീയ ബാലാവകാശ കമീഷൻ എന്നിവയെക്കുറിച്ച വിവരങ്ങളുമാണുള്ളത്. പ്രസ് കൗൺസിൽ ഓഫ് ഇന്ത്യക്ക് പരാതി നൽകേണ്ടത് എങ്ങനെ എന്ന് വിവരിക്കുന്നു അഞ്ചാം ഭാഗത്ത്.

എ.പി.സി.ആറിന്റെ മൂന്നാം വാർഷിക യോഗത്തിൽ സംഘടനയുടെ ദൈശീയ അധ്യക്ഷനും പ്രശസ്ത അഭിഭാഷകനുമായ യൂസുഫ് ഹാതിം മുച്ചാല, എ.പി.സി.ആറിന്റെ പരിശീലന വിഭാഗം മേധാവി ഡോ. ശകീൽ അഹ്മദ് (ഗുജറാത്ത്) എന്നിവർ ചേർന്നാണ് പുസ്തകം പ്രകാശനം ചെയ്തത്. ഇതിന്റെ ഹിന്ദി, ഉർദു പരിഭാഷകളും പുറത്തിറക്കിയിട്ടുണ്ട്. വില 100 രൂപ. പുസ്തകം ലഭിക്കുന്ന വിലാസം: APCR office, 108, 3rd floor, Pocket 1, Near Living Style Mall, Jasola, New Delhi - 25 Ph: 011-29945999.

ജമാഅത്തെ ഇസ്‌ലാമി ദേശീയ ഉപാധ്യക്ഷൻ പ്രഫ. കെ.എ സിദ്ദീഖ് ഹസന്റെ നേതൃത്വത്തിൽ നടക്കുന്ന 'വിഷൻ 2016' ന്റെ ഭാഗമായാണ് എ.പി.സി.ആർ രൂപവൽക്കരിച്ചത്.

### വനിതാ ബില്ലിൽ മുസ്‌ലിം സംവരണം വേണം

നിർദിഷ്ട വനിതാ സംവരണ ബില്ലിൽ മുസ്‌ലിം വനിതകൾക്ക് 4 ശതമാനം പ്രത്യേക സംവരണം വേണമെന്ന് JCMOE (Joint Committee of Muslim Organisation for Empowerment) ചെയർമാനും മുൻ എം.പിയുമായ സയ്യിദ് ശഹാബുദ്ദീൻ ആവശ്യപ്പെട്ടു. മുസ്‌ലിം വനിതകൾ നേരിട്ട് തെരഞ്ഞെടുക്കപ്പെടാൻ മാത്രം രാഷ്ട്രീയ ശാക്തീകരണം നേടിയിട്ടില്ലാത്തതിനാലും പാർലമെന്റിലും നിയമസഭകളിലും മുസ്‌ലിം പ്രാതിനിധ്യം ഇപ്പോൾ തന്നെ തീരെ കുറവായതിനാലും പ്രത്യേക സംവരണം അത്യാവശ്യമാണ്. അല്ലാത്ത പക്ഷം നേരത്തെയുള്ള സാധ്യതാ സീറ്റുകൾ പോലും വനിതാ സംവരണത്തിന്റെ പേരിൽ മുസ്‌ലിംകൾക്ക് അപ്രാപ്യമാവും -അദ്ദേഹം ചൂണ്ടിക്കാട്ടി. ഇതേ രാഷ്ട്രീയ നിലപാട് സ്വീകരിച്ച സമാജ്‌വാദി പാർട്ടി, രാഷ്ട്രീയ ജനതാദൾ ലോക് ജൻശക്തി പാർട്ടി, ജനതാദൾ(യു) എന്നീ പാർട്ടികളെ അദ്ദേഹം അഭിനന്ദിച്ചു.

### പുതുച്ചേരിയിൽ മുസ്‌ലിംകൾക്ക് 2.5 ശതമാനം സംവരണം

പിന്നാക്ക മുസ്‌ലിം വിഭാഗങ്ങൾക്ക് സർക്കാർ ജോലികളിൽ 2.5 ശതമാനം സംവരണം നൽകാൻ പുതിച്ചേരി സർക്കാർ തീരുമാനിച്ചു. ആഗസ്റ്റ് 5 ന് ബജറ്റ് അവതരണ വേളയിലാണ് മുഖ്യമന്ത്രി വി. വൈദ്യലിംഗം ഇത് പ്രഖ്യാപിച്ചത്. സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പും ന്യൂനപക്ഷ കമീഷനും രൂപീകരിക്കാനും തീരുമാനമായിട്ടുണ്ട്.

### പെൺ ഭ്രൂണഹത്യയെക്കുറിച്ച് ദൽഹിയിൽ സെമിനാർ

'പെൺഭ്രൂണഹത്യ - കാരണങ്ങളും പ്രതിവിധികളും' എന്ന തലക്കെട്ടിൽ ജമാഅത്ത് ഇസ്‌ലാമി ദൽഹി ഹിന്ദി ഭവനിൽ സെമിനാർ സംഘടിപ്പിച്ചു. ദേശീയസെക്രട്ടറി ജനറൽ നുസ്‌റത്ത് അലി ഉദ്ഘാടനം ചെയ്തു. ശാസ്ത്ര സാങ്കേതിക വിദ്യകളിൽ പുരോഗതി കൈവരിക്കുമ്പോഴും സമൂഹം ധാർമികാപചയത്തിന് അടിപ്പെടുന്നത് ഗൗരവപൂർവം വിശകലനം ചെയ്യപ്പെടേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചൈനപോലുള്ള അയൽ രാജ്യങ്ങളിലും ഈ പ്രതിഭാസം വർധിച്ചു വരുന്നുണ്ട്. കർശനമായി നിയന്ത്രിച്ചില്ലെങ്കിൽ സമൂഹത്തിന്റെ തകർച്ചയിലേക്കാണ് ഇത് നയിക്കുകയെന്നും അദ്ദേഹം പറഞ്ഞു.

ദൈവഭയം കൊണ്ടു മാത്രമേ ഇത്തരം കുറ്റകൃത്യങ്ങളെ തടയാനാവൂ എന്ന് കാൺപൂരിലെ സ്വാമി ലക്ഷ്മി ശങ്കരാചാര്യ അഭിപ്രായപ്പെട്ടു. ദൽഹി സർവകലാശാല അധ്യാപിക വിജയലക്ഷ്മി, സിഖ് നേതാക്കളായ ജോഗീന്ദർ സിംഗ്, ജത്തേദാർ ശ്രീ അകൽ തക്ത് അമൃതസർ, ജ.ഇ ദേശീയ സെക്രട്ടറിമാരായ ഇഅ്ജാസ് അഹ്മദ് അസ്‌ലം, ഇഖ്ബാൽ മുല്ല, അസി. സെക്രട്ടറി ജലീൽ അസ്ഗർ, സൈനുൽ ആബിദീൻ മൻസൂരി തുടങ്ങിയവരും സംബന്ധിച്ചു.

**അബ്ബാദ്**